*ഖുത്ബ - ഈദുൽ ഫിത്റ്*
*13.10.2007*
*ബൈത്തുൽ ഫുതൂഹ്, ലണ്ടൻ*

بسم الله الرحمن الرحيم

# ദരിദ്രരെ സേവിച്ച് റമദാൻ ആഘോഷിക്കുക

നാം ഇന്ന് അല്ലാഹുവിന്റെ കൽപന പ്രകാരം, അവന്റെ അനുഗ്രഹത്താൽ പെരുന്നാൾ ആഘോഷിക്കുകയാണ്. ഈദുൽ ഫിത്റ് എന്നാണ് ഈ പെരുന്നാളിന്റെ പേര്. അല്ലാഹുവിന്റെ സാമീപ്യവും സംതൃപ്തിയും കരഗതമാക്കുന്നതിന്നും തഖ്‌വയിൽ അഭിവൃദ്ധി ഉണ്ടാകുന്നതിനും അവന്റെ കൽപനപ്രകാരം റമദാനിൽ ഒരു മാസം വ്രതമനുഷ്ഠിച്ചതിന്റെ സന്തോഷപ്രകടനമായാണ് ഈ പെരുന്നാൾ നാം ആഘോഷിക്കുന്നത്. റമദാനിലെ ത്യാഗോജ്ജ്വലമായ നാളുകൾ പിന്നിട്ടതുകാരണം നിങ്ങൾ ഇന്ന് സന്തോഷിക്കുക എന്ന് അല്ലാഹു നമ്മോട് കൽപിച്ചിരിക്കുകയാണ്. റമദാനിൽ അനുവദനീയമായ കാര്യങ്ങളിൽ നിന്നു പോലും ഒരു നിശ്ചിതസമയം വരെ നിങ്ങൾ തടയപ്പെട്ടിരുന്നെങ്കിൽ ഈ സുദിനത്തിൽ നിങ്ങൾ അതെല്ലാം ചെയ്യാൻ തയ്യാറാവുക, പുത്തനുടുപ്പുകളണിഞ്ഞ് സുഗന്ധദ്രവ്യങ്ങൾ പൂശി നല്ല ഭക്ഷണവും കഴിച്ച് ഈ ആഘോഷത്തിന് നിങ്ങൾ ഒരുങ്ങുക എന്ന് അല്ലാഹു അരുളുന്നു. ഇതെല്ലാമാണെങ്കിലും ദൈവസ്മരണയിൽ നിന്നും അകന്നിരിക്കരുത്. പള്ളികളിൽ ഒരുമിച്ച് കൂടി പെരുന്നാൾ നമസ്ക്കാരം അനുഷ്ഠിക്കുക എന്നത് തന്നെയാണ് നന്ദി പ്രകടനത്തിനുള്ള ഏറ്റവും ഉത്തമമായ മാർഗം. അല്ലാഹു ഈ റമദാനിൽ നിങ്ങളിൽ വർഷിച്ച അനുഗ്രഹങ്ങൾക്ക് കൃതജ്ഞത പ്രകടിപ്പിക്കുക.

പുത്തനുടുപ്പുകളണിഞ്ഞ് വിഭവ സമൃദ്ധമായ ഭക്ഷണവും കഴിച്ച് കൂട്ടുകാരുമൊത്ത് പിക്ക്നിക് നടത്തുന്നതിന്റെ പേരല്ല പെരുന്നാൾ, മറിച്ച് അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് അവന്റെ കൽപന പ്രകാരം റമദാനിൽ ഒരു മാസം അനുവദനീയമായ കാര്യങ്ങളിൽ നിന്നും വിട്ടുനിന്നെങ്കിൽ ഇന്ന്, അവന്റെ പ്രീതി കരസ്ഥമാക്കാൻ അവനെ അനുസരിച്ച് കൊണ്ട് അവൻ അനുവദിച്ച എല്ലാ പ്രവർത്തനങ്ങളും വീണ്ടും ചെയ്യുന്നതിന്റെ പേരാണ് പെരുന്നാൾ. നാം അനുഭവിച്ച ത്യാഗത്തിന്റെയും ആരാധനയുടെയും അനുഭൂതികൾ എന്നെന്നും നിലനിർത്തുന്നവരായി നാം മാറണം എന്നതാണ് പെരുന്നാൾ നമുക്ക് നൽകുന്ന സന്ദേശം. ഈ ത്യാഗങ്ങൾക്ക് ശേഷം അല്ലാഹു നമ്മോട് നമ്മുടെ ബന്ധുമിത്രാതികളുമൊത്ത് ഈ സന്തോഷസുദിനം ആഘോഷിക്കാൻ കൽപിച്ചിരിക്കുന്നു. അല്ലാഹു നൽകുന്ന കൽപനകൾ സുസ്ഥിരമായി നാം ചെയ്യുമ്പോഴാണ് നമ്മുടെ ജീവിതത്തിൽ എന്നെന്നും സന്തോഷത്തിന്റെ പൂത്തിരി തെളിഞ്ഞുകൊണ്ടിരിക്കുന്നത്.

ദരിദ്രരെ സഹായിക്കാനും ആവശ്യക്കാരുടെ ആവശ്യങ്ങൾ പരിഗണിക്കാനും കുടുംബാംഗങ്ങളോട് കാരുണ്യത്തിൽ വർത്തിക്കാനും വിശക്കുന്നവർക്ക് ഭക്ഷണം നൽകാനും അല്ലാഹു നമ്മോട് കൽപിക്കുന്നു. തഖ്‌വയിൽ പദമൂന്നിക്കൊണ്ട് നമ്മുടെ ആരാധനയുടെ നിലവാരം ഉയർത്താനും നമ്മൾ ആജ്ഞാപിക്കപ്പെട്ടിരിക്കുകയാണ്. വിശപ്പ് സഹിക്കാനും മറ്റുള്ളവരെ സഹായിക്കാനും ധനത്യാഗത്തിൽ മുന്നേറാനും ഐഹിക കാര്യങ്ങൾ അനുഷ്ഠിക്കാനും നിർബന്ധ നമസ്കാരങ്ങൾ കൃത്യസമയത്ത് തന്നെ അനുഷ്ഠിക്കാനും വിശുദ്ധഖുർആൻ പൂർണ്ണമായും പാരായണം ചെയ്യാനും സാധിച്ച ഈ റമദാനിനു ശേഷമാണ് സന്തോഷത്തിന്റെ ഈ സുദിനം നാം ആഘോഷിക്കുന്നത്. ചുരുക്കത്തിൽ സ്ഥായിയായ സന്തോഷത്തിന് ഇവ്വിധ പ്രവർത്തികളാണ് കാരണമായിത്തീരുക എന്ന് നമുക്ക് ഇത് മനസ്സിലാക്കിത്തരുന്നു.

മറ്റുള്ളവരുടെ വിശപ്പിന്റെ കാഠിന്യം അറിയാൻ നാം സ്വയം വിശന്നിരിക്കണം. പകൽ മുഴുവൻ ഭക്ഷണം കഴിക്കാതെ വൈകുന്നേരമാകുമ്പോഴേക്കും ക്ഷീണിച്ച് അവശത അനുഭവിക്കുന്ന നോമ്പുകാരന്

പട്ടിണി പാവങ്ങളുടെ ദുരവസ്ഥ മനസ്സിലാക്കാൻ കഴിയുന്നതാണ്. അല്ലാഹുവിന്റെ സാമീപ്യം കരഗതമാക്കാൻ നോമ്പിനെ നോമ്പിന്റെ ഉദ്ദേശത്തോടെ അനുഷ്ഠിക്കുന്നവരുടെ കാര്യമാണ് ഞാൻ പറയുന്നത്. ജമാഅത്തിൽ ഭൂരിഭാഗവും ഇത്തരത്തിലുള്ളവർ തന്നെയാണ്. എന്നാൽ ചിലർ അത്താഴം വയറുനിറയെ അത്താഴം കഴിച്ച് വൈകുന്നേരം വരെ ഏമ്പക്കമിട്ട് കഴിച്ചുകൂട്ടുകയും വൈകുന്നേരമായാൽ വയറ് നിറയെ ഭക്ഷണം കഴിച്ച് നഫലുകളും നമസ്കാരങ്ങളും വിശുദ്ധഖുർആൻ പാരായണവും എല്ലാം ഉപേക്ഷിച്ച് കിടന്നുറങ്ങുകയും വീട്ടുകാർക്ക് നിർബന്ധിച്ച് എഴുന്നേൽപിക്കേണ്ടി വരുകയും ചെയ്യുന്ന നോമ്പ്കാരും ഉണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ഒരിക്കൽ പറയുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സംഭവം ഇപ്രകാരം വിവരിച്ചു. ഒരിക്കൽ അങ്ങാടിയിൽ കുറേ കച്ചവടക്കാർ കൂടിയിരുന്ന് പരസ്പരം സംസാരിക്കുകയായിരുന്നു. അതിൽ ഒരാൾ പറഞ്ഞു. 'കാൽക്കിലോ എള്ള് ആരെങ്കിലും തിന്നുകയാണെങ്കിൽ അവർക്ക് 5 രൂപ സമ്മാനമായി ഞാൻ നൽകുന്നതാണ്.' അപ്പോൾ ആ വഴിയിലൂടെ ഒരു ജട്ട് ഗ്രാമീണ കർഷകൻ നടന്നുപോകുന്നുണ്ടായിരുന്നു. ഇത് കേട്ടപ്പോൾ അയാൾ കച്ചവടക്കാരനോട് ചോദിച്ചു. 'കാൽക്കിലോ എള്ള് തിന്നുന്നതിന്ന് ഇത്ര വലിയ സമ്മാനമോ. പുറം തോട് അടക്കം തിന്നണോ? അതോ എള്ള് മാത്രം തിന്നാൽ മതിയോ?' അദ്ദേഹം വിചാരിച്ചത് ഇത്ര വലിയ സമ്മാനം പ്രഖ്യാപിക്കുമ്പോൾ എന്തോ വലിയ കാര്യം ചെയ്യേണ്ടിവരും എന്നാണ്. ഈ ചോദ്യം കേട്ടപ്പോൾ കച്ചവടക്കാർ പറഞ്ഞു. ചൗദരി സാഹിബ് ക്ഷമിക്കണം! ഞങ്ങൾ മനുഷ്യരുടെ കാര്യമാണ് പറഞ്ഞത്.

അതുകൊണ്ട് ഞാൻ ഇന്ന് സംസാരിക്കുന്നത് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ വ്രതമനുഷ്ഠിച്ചവരെക്കുറിച്ചാണ്. അല്ലാതെ റമദാൻ വന്നാൽ രാവിലേയും വൈകുന്നേരവും ഭക്ഷണം നല്ലതുപോലെ കഴിക്കാമല്ലോ എന്നു പ്രതീക്ഷിച്ചിരിക്കുന്നവരെക്കുറിച്ചല്ല. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് നോമ്പനുഷ്ഠിക്കുന്നവർക്ക് മറ്റുള്ളവരെക്കുറിച്ച് വ്യാകുലതയുണ്ടാകും. കാരണം റമദാൻ അവരിൽ വിശുദ്ധമായ ഒരു മാറ്റം ഉണ്ടാക്കിയിരിക്കും. അങ്ങനെ മാറ്റം വരുത്തിയവർക്കുള്ളതാണ് പെരുന്നാൾ. ഈ പെരുന്നാൾ നമ്മുടെ സ്രഷ്ടാവിലേക്ക് ശ്രദ്ധ തിരിക്കുന്നതിലും അവനെ ആരാധിക്കുന്നതിലും അവന്റെ സൃഷ്ടികളെ സേവിക്കുന്നതിലും നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നതായിരിക്കണം. വ്രതം മുഖേന നന്മയും തഖ്‌വയും നിലനിർത്തുക എന്ന നമ്മുടെ പരമമായ ജീവിതലക്ഷ്യം നമുക്ക് കരഗതമാകുന്നു.

റമദാനും പെരുന്നാളും അനുസരണത്തിന്റെ പാഠമാണ് നമുക്ക് നൽകുന്നത്. അല്ലാഹുവിന്റെ കൽപനയനുസരിച്ച് നാം വ്രതമനുഷ്ഠിച്ചു. അവന്റെ തന്നെ കൽപനയനുസരിച്ച് നാം ഇന്ന് സന്തോഷിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അനുസരണം എന്നത് നമ്മുടെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ഗുണമാണ്. ഇതുമുഖേനയാണ് നമുക്ക് ദൈവസാമിപ്യം കരസ്ഥമാകുക. നമ്മെ മറ്റുള്ളവരിൽനിന്ന് വ്യതിരിക്തമാക്കേണ്ടതും വ്യതിരിക്തമാക്കിക്കൊണ്ടിരിക്കുന്നതും ഈ അനുസരണം തന്നെയാണ്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു:-

**മൻയുതിഇല്ലാഹ വറസൂലഹു വയഖ്ശല്ലാഹ വ യത്തഖ്ഹി ഫ ഉലാഇക ഹുമുൽ ഫാഇസൂൻ**

ആര് അല്ലാഹുവിനേയും അവന്റെ റസൂലിനെയും അനുസരിക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും അവന്റെ തഖ്‌വ സ്വായത്തമാക്കുകയും ചെയ്യുന്നുവോ അവരാണ് വിജയികൾ. അല്ലാഹുവിനെ അനുസരിക്കുന്നതിലൂടെയും അവന്റെ തഖ്‌വ സ്വായത്തമാക്കുന്നതിലൂടെയുമാണ് നമുക്ക് വിജയം കരസ്ഥമാക്കാൻ സാധിക്കുക. ഈ തത്വം മനസ്സിലാക്കിയാൽ ജീവിത ലക്ഷ്യം നേടുന്നവരായി നാം മാറുന്നതാണ്. അവന്റെ പാരിതോഷികങ്ങൾക്കും അനുഗ്രഹങ്ങൾക്കും നാം അർഹരായിത്തീരുകയും ചെയ്യുന്നതാണ്. അഹ്മദികൾ ഒരിക്കലും ഈ പാഠം മറക്കരുത്. ഞങ്ങൾ തഖ്‌വയുള്ളവരാണെന്നും അനുസരണയുള്ളവരാണെന്നും വാദിക്കുകയും അത് കരഗതമാകുന്നതിനായി അല്ലാഹു പറഞ്ഞുതന്ന മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്യേണ്ടത് ഓരോ അഹ്മദിയുടേയും ഒഴിച്ചുകൂടാനാവാത്ത കർത്തവ്യമാകുന്നു.

സൃഷ്ടിസേവനത്തെക്കുറിച്ച് അല്ലാഹു പറഞ്ഞ കാര്യങ്ങളാണ് ഇന്ന് ഞാൻ വിവരിക്കാൻ

പോകുന്നത്. ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധ തിരിക്കാത്തവർ യഥാർത്ഥ പെരുന്നാൾ ആഘോഷിക്കുന്നവരായിരിക്കുകയില്ല.

സമസൃഷ്ടി സേവനത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. "ദുർബലരായ സഹോദരങ്ങളെ സഹായിക്കുവാനും അവർക്ക് ശക്തി നൽകാനുമുള്ള പദ്ധതി നമ്മളിൽ ഉണ്ടായിരിക്കേണ്ടതാണ്. നോക്കുക, രണ്ട് സഹോദരന്മാരിൽ ഒരാൾക്ക് നീന്താൻ അറിയാം, മറ്റവന് നീന്തൽ വശമില്ല എന്നിരിക്കട്ടെ. നീന്താൻ അറിയുന്ന സഹോദരൻ എന്താണ് ചെയ്യേണ്ടത്? നീന്തൽ വശമില്ലാത്ത തന്റെ സഹോദരനെ മുങ്ങിമരിക്കാൻ അനുവദിക്കണോ അതോ മുങ്ങിമരിക്കുന്നതിൽ നിന്നും രക്ഷപ്പെടുത്തണോ? രക്ഷപ്പെടുത്തുക തന്നെയാണ് ചെയ്യേണ്ടത്. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ പറയുന്നത്.

**തആവനൂ അലൽ ബിർറി വത്തഖ്വാ**

ബലഹീനർക്ക് കരുത്ത് നൽകുക. അവരുടെ പ്രവർത്തനപരമായ വൈകല്യങ്ങളിലും സാമ്പത്തിക പ്രയാസങ്ങളിലും പങ്കാളികളാകുക. ശാരീരിക ബലക്ഷയം ചികിത്സിച്ച് മാറ്റുക. ദുർബല ജനങ്ങളെ കരുത്തരാക്കാത്തിടത്തോളം കാലം ഒരു ജമാഅത്തും നിലനിൽക്കുകയില്ല."

വീണ്ടും അവിടന്ന് പറയുന്നു. പലരും തന്റെ സഹോദരന്മാരോട് അനുകമ്പ കാണിക്കുന്നില്ലെന്നെനിക്കറിയാം. ഒരു സഹോദരൻ പട്ടിണികിടക്കുകയാണെങ്കിൽപോലും മറ്റുള്ളവർ അത് ശ്രദ്ധിക്കുകയോ അവന്റെ ക്ഷേമൈശ്വര്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. പ്രയാസത്തിൽ അകപ്പെട്ടവരെ അതിൽ നിന്നും രക്ഷിക്കാൻ തന്റെ സ്വത്തിൽ നിന്ന് അൽപം പോലും ചെലവഴിക്കുന്നുമില്ല. അയൽവാസിയോട് അനുകമ്പ കാണിക്കണമെന്ന് ഹദീസിൽ വന്നിട്ടുള്ളതാണ്. നിങ്ങൾ കറി പാചകം ചെയ്യുമ്പോൾ ചുരുങ്ങിയ പക്ഷം ചാറ് അധികമാക്കി ഒരു ഭാഗം അയൽവാസിക്ക് നൽകണമെന്ന് വരെ കൽപനയുള്ളതാണ്. എന്നാൽ ഇപ്പോൾ സ്വന്തം വയറ് നിറക്കാനല്ലാതെ അവരെക്കുറിച്ച് ഒരു ശ്രദ്ധയുമില്ല. വീടിന്റെ തൊട്ടടുത്ത് താമസിക്കുന്നവർ മാത്രമല്ല അയൽവാസികൾ, 200 മൈൽ ദൂരെ താമസിക്കുന്ന നിന്റെ സഹോദരനും നിന്റെ അയൽവാസിതന്നെയാണ്.

അതിനാൽ ജമാഅത്ത് എന്ന നിലയിൽ ജമാഅത്തിലുള്ള ദുർബലവിഭാഗത്തെ സഹായിക്കേണ്ടത് നമ്മുടെ കടമയാണ്. ജമാഅത്തംഗങ്ങൾ ഇതിന്റെ ഗൗരവം മനസ്സിലാക്കണം. മറ്റുള്ളവരുടെ വേദന മനസ്സിലാക്കാൻ നമുക്ക് കഴിയുമ്പോഴാണ് നമ്മുടെ പെരുന്നാൾ യഥാർത്ഥ പെരുന്നാളായിത്തീരുന്നത്. ഓരോരുത്തരും 200 മൈൽ ദൂരെച്ചെന്ന് തന്റെ സഹോദരന്റെ അവസ്ഥ അറിയാനോ, മറുനാടുകളിലുള്ള സഹോദരങ്ങൾ ഏതവസ്ഥയിലാണെന്നോ അവരുടെ ആവശ്യങ്ങൾ എന്തെല്ലാമാണെന്നോ അറിയാനോ സാധ്യമല്ല. എവിടെ ആർക്ക് എന്ത് സഹായം വേണമെന്ന് പറയാൻ കഴിയുക ജമാഅത്തിന്റെ സംവിധാനത്തിന് മാത്രമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ജമാഅത്ത് കഴിയുന്ന സഹായങ്ങൾ ചെയ്യാറുണ്ട്. പല സ്ഥലത്തും വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയുന്നില്ലെങ്കിലും സഹായിക്കാൻ കഴിയുന്ന സ്ഥലങ്ങളിലെല്ലാം സഹായം എത്തിക്കാറുണ്ട്.

ഇങ്ങനെയുള്ള ആവശ്യങ്ങൾക്ക് വേണ്ടി ഖലീഫമാർ വിവിധ സമയങ്ങളിൽ വിവിധ പദ്ധതികൾ ജമാഅത്തിന്റെ മുമ്പാകെ സമർപ്പിക്കാറുള്ളതാണ്. ആ എല്ലാ പദ്ധതികളും ഇപ്പോഴും നിലവിലുള്ളതാണ്. നമുക്ക് ചെറിയ ഒരു പ്രയാസം നേരിട്ടാൽ, കച്ചവടത്തിൽ നഷ്ടം വന്നാൽ നാം എത്രമാത്രം വിഷമിക്കുന്നു. എന്നാൽ ഇതിനെക്കാളും വളരെ രൂക്ഷമായ അവസ്ഥയിലൂടെയാണ് ലോകത്തിലെ വലിയൊരു വിഭാഗം ജനങ്ങളും കടന്നു പോയ്ക്കൊണ്ടിരിക്കുന്നത്. മറ്റുള്ളവർ അനുഭവിക്കുന്ന തരത്തിലുള്ള കഷ്ടപ്പാടുകളും പ്രയാസങ്ങളും അഹ്മദികൾക്കില്ല എന്നത് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ചെയ്തിരിക്കുന്ന മഹത്തായ ഔദാര്യമാണ്. ചില വ്യക്തികളും കുടുംബങ്ങളും പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട് എന്നത് ശരിതന്നെ. അവരെക്കുറിച്ച് നിസാമെ ജമാഅത്തിനോ, ഏതെങ്കിലും മാർഗത്തിലൂടെ എനിക്കോ അറിയാൻ കഴിഞ്ഞാൽ അവർക്ക് വേണ്ട സഹായമെത്തിക്കാൻ ശ്രമിക്കാറുണ്ട്. ഇത് നാം ചെയ്യുന്ന ഔദാര്യമൊന്നുമല്ല, മറിച്ച് അല്ലാഹുവിന്റെ കൽപന നടപ്പിൽ വരുത്തുക മാത്രമാണ്.

ലോകത്തിന്റെ അതിദാരുണമായ അവസ്ഥ യെക്കുറിച്ച് ഞാൻ നിങ്ങളോട് പറയുകയുണ്ടായി. ഈ അടുത്തിടെ ഒരു വാർത്ത എന്റെ ശ്രദ്ധയിൽ പെട്ടു. ദിനേന 80 കോടി ജനങ്ങൾ പട്ടിണിക്കിടന്ന് ദിവസം തള്ളി നീക്കുന്നു എന്നതാണ് ആ വാർത്ത. ഇത് കാണുമ്പോൾ ഇതിൽ നിന്നെല്ലാം മോചിതരായ നാം എത്രമാത്രം ഭാഗ്യവാന്മാരാണ്. അതുകൊണ്ട് പെരുന്നാളിന്റെ സന്തോഷത്തിൽ ശരിക്കും പങ്കാളികളാകുന്നതിന് ഖലീഫമാർ മുമ്പോട്ടുവെച്ച ഇവ്വിധ പദ്ധതികളിൽ നാം ഭാഗഭാക്കാകേണ്ടതാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ന്റെ നിർദ്ദേശമനുസരിച്ച് ജമാഅത്തംഗങ്ങൾ സാധു സംരക്ഷണ വകുപ്പിൽ ധനസഹായം ചെയ്തു വരുന്നു. പെരുന്നാൾ ദിനങ്ങളിൽ പാവപ്പെട്ടവരുടെ വീടുകൾ സന്ദർശിക്കുകയും അവർക്കാവശ്യമായ സാധനങ്ങളും മിഠായികളും മറ്റും അവർക്ക് കൊണ്ടുപോയി കൊടുക്കുകയും ചെയ്തു വരുന്നു. ഇതു മുഖേന പെരുന്നാൾ സുദിനത്തിലുള്ള സന്തോഷത്തിൽ നാമെല്ലാവരും പങ്കാളികളായിത്തീരുന്നു. ഇക്കാര്യത്തിൽ എവിടെയെങ്കിലും ശ്രദ്ധക്കുറവുണ്ടെങ്കിൽ ജമാഅത്ത് സംവിധാനവും വ്യക്തികളും ഇതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

എന്നാൽ ദരിദ്രജനവിഭാഗത്തിന് ദൈനംദിനമുള്ള എത്രയോ ആവശ്യങ്ങൾ പരിഗണിക്കപ്പെടേണ്ടതായുണ്ട്. ഇതിലേക്ക് സമ്പന്നരായ സഹോദരങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യത്തിൽ അവർ മുന്നിട്ടിറങ്ങേണ്ടതാണ്. ഇടത്തരക്കാരായ അഹ്മദികളും അവരവരുടെ കഴിവനുസരിച്ച് വിവിധ വകുപ്പുകളിൽ സാമ്പത്തിക സഹായം നൽകി സഹകരിക്കേണ്ടതാണ്. സാധു സംരക്ഷണം സ്ഥായിയായി നിലനിർത്തപ്പെടുമ്പോൾ നാം യഥാർത്ഥ പെരുന്നാൾ ആഘോഷിക്കുന്നവരായി മാറും. ഏതെങ്കിലും ഒരാൾക്ക് താത്കാലിക സഹായം നൽകി എന്നതിൽ മാത്രം തൃപ്തരാകാതെ അവർക്ക് സ്ഥിരമായ സന്തോഷം പ്രദാനം ചെയ്യുന്നവരിൽ ഉൾപ്പെടാൻ നാം ശ്രമിക്കണം. ഈ പെരുന്നാൾ സുദിനത്തിൽ നമ്മുടെ സന്താനങ്ങളെയും, ദരിദ്രരെ സഹായിക്കുന്ന പരിശുദ്ധ കർമ്മത്തിൽ ഭാഗഭാക്കാക്കുക. അവർക്ക് പെരുന്നാളിന് ലഭിക്കുന്ന പണത്തിൽ നിന്ന് ഒരു പങ്ക് ദരിദ്ര ജനങ്ങൾക്കായി നീക്കിവെക്കാൻ അവരെ പ്രേരിപ്പിക്കുക. ലോകത്ത് കഷ്ടപ്പാടിലും പ്രയാസങ്ങളിലും കഴിയുന്ന എത്രയോ ജനങ്ങളുണ്ടെന്നും അതുകൊണ്ട് നിങ്ങൾ മാത്രം ചോക്ലേറ്റും മറ്റു മധുര പലഹാരങ്ങളും കഴിച്ച് രസിച്ചാൽ പോരെന്നും ഒരു നേരംപോലും വയറ് നിറച്ച് ഉണ്ണാനില്ലാത്ത, ഉടുക്കാൻ വസ്ത്രമില്ലാത്ത, മനുഷ്യരെ മുമ്പിൽ കണ്ടുകൊണ്ട് ഈ പണത്തിൽ നിന്ന് അവർക്കായി ഒരു വിഹിതം മാറ്റിവെക്കണമെന്നും അവരെ ഉപദേശിക്കുക. അപ്പോൾ അവർക്ക് യഥാർത്ഥ അർത്ഥത്തിൽ പെരുന്നാൾ ആഘോഷിക്കാൻ കഴിയുന്നതാണ്.

ലോകത്ത് വലിയ വലിയ സമ്പന്നരുണ്ട്. സമ്പന്നരാഷ്ട്രങ്ങളുണ്ട്. അവരുടെ കൈകളിൽ പണത്തിന്റെ കൂമ്പാരങ്ങളുണ്ട്. പക്ഷെ അവരുടെ അടിമകളായി, അവരുടെ ചൊൽപടിക്ക് നിൽക്കാത്തിടത്തോളം കാലം ദരിദ്ര രാജ്യങ്ങളിലെ പട്ടിണിപ്പാവങ്ങൾക്ക് ഭക്ഷണം നൽകാൻ പോലും അവർ തയ്യാറാകുന്നില്ല. എന്നാൽ വ്യക്തി താത്പര്യങ്ങൾ നോക്കാതെ, മത വ്യത്യാസം പരിഗണിക്കാതെ അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചുകൊണ്ട് ലോകത്തെല്ലായിടത്തും സാധു സംരക്ഷണത്തിന്റെ വികാരം നമ്മിലും നമ്മുടെ മക്കളിലും നാം വളർത്തിയെടുക്കേണ്ടതാണ്. സമസൃഷ്ടി സേവനമാണ് നമ്മുടെ പരമമായധർമ്മമെന്ന ചിന്ത നമ്മിൽ ഉണ്ടാക്കി എടുക്കേണ്ടതാണ്.

ആതുരസേവനരംഗത്ത് പ്രവർത്തിച്ചുവരുന്ന ഹ്യുമാനിറ്റി ഫസ്റ്റ് എന്ന സംഘടനയിലൂടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിൽ ഈ പ്രവർത്തനം നടന്നുവരുന്നുണ്ട്. മാനവരാശിയുടെ സേവനത്തിൽ വലിയ ഭാഗധേയമാണ് ഈ സംഘടന വഹിക്കുന്നത്. സൗകര്യങ്ങൾ കുറവാണെങ്കിലും എല്ലാ വാളണ്ടിയർമാരും ഒരു പ്രത്യേക വികാരത്തോടുകൂടിയാണ് ഇതിൽ സേവനമനുഷ്ഠിക്കുന്നത്. ഇപ്പോൾ ആഫ്രിക്കയിലെ വിവിധ രാജ്യങ്ങൾ രൂക്ഷമായ വെള്ളപ്പൊക്കത്തിന്റെ പിടിയിലാണ്. അവിടങ്ങളിൽ സേവനം ചെയ്യുന്നതിന്നായി യൂറോപ്പിലെ ജർമനിയിൽ നിന്നുള്ള ഒരു സന്നദ്ധ സംഘം അവിടെ പോയിട്ടുണ്ട്. അവിടെയുള്ള ജനങ്ങൾക്ക് വൈദ്യസഹായവും മറ്റു സഹായങ്ങളും അവർ ചെയ്തുവരുന്നു. എന്നാൽ എല്ലാവിധ സൗകര്യങ്ങളുമുള്ള ഇതര

സംഘടനകൾ ആ പ്രദേശങ്ങളിൽ പോകാൻ മടിച്ചു നിൽക്കുകയാണ്. ഇങ്ങനെയുള്ള പ്രദേശങ്ങളിൽ ഞങ്ങൾക്ക് സേവനം ചെയ്യാനാവില്ല എന്നാണ് അവർ പറയുന്നത്. അവിടെയുള്ള ചില പ്രദേശങ്ങളിൽ ചെന്നെത്തുന്നതിന് സ്വന്തം ജീവൻ പോലും പണയപ്പെടുത്തേണ്ടിവരും. അത്രയും ദുർഘടം പിടിച്ച സ്ഥലങ്ങളാണ് അവിടെയുള്ളത്. എന്നാൽ നമ്മുടെ ഭടന്മാർ ഈ അപകടങ്ങളൊന്നും പരിഗണിക്കാതെ മാനവസേവനത്തിന് അവിടെയും എത്തിയിരിക്കുകയാണ്. അല്ലാഹു അവരെ എല്ലാവരെയും തന്റെ സംരക്ഷണത്തിൽ നിലനിർത്തുമാറാകട്ടെ. അവർക്ക് പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ. അവിടെ അവർ അനുഭവിക്കുന്ന സന്തോഷത്തിന്റെയും മനഃസംതൃപ്തിയുടെയും മിന്നലാട്ടങ്ങൾ അവിടെനിന്നും വരുന്ന റിപ്പോർട്ടുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഈ സന്തോഷത്തിന്നായാണ് ഒരു വിശ്വാസി കഠിന പ്രയത്നം ചെയ്തുകൊണ്ടിരിക്കേണ്ടത്.

ചുരുക്കത്തിൽ, മനുഷ്യസേവനത്തിലാണ് നമ്മുടെ സ്ഥായിയായ സന്തോഷം നിലനിൽക്കുന്നത്. ഹ്യൂമാനിറ്റി ഫസ്റ്റ് എന്ന രജിസ്ടേഡ് സംഘടനയിൽ അഹ്മദികളും അനഹ്മദികളും ചന്ദ നൽകുന്നുണ്ട്. വലിയ വലിയ രാജ്യങ്ങളിലെല്ലാം ഇത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ സ്തുത്യർഹമായ സേവനത്തിൽ ആകൃഷ്ടരായി ഐക്യരാഷ്ട്രസഭ ഇതിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും, അതിന്റെ ബന്ധപ്പെട്ട വകുപ്പിൽ ഇതിനെ രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു എന്ന് ഞാൻ കഴിഞ്ഞ ജൽസയിൽ കേൾപ്പിച്ചിരുന്നുവല്ലോ. വലിയ വലിയ സംഘടനകൾക്കുപോലും ചെയ്യാൻ കഴിയാത്ത അതിമഹത്തായ പ്രവർത്തനങ്ങളാണ് ഹ്യുമാനിറ്റി ഫസ്റ്റിന് ചെയ്യാൻ കഴിഞ്ഞതെന്ന് അവിടെ വായിച്ചു കേൾപ്പിച്ച റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഇതിനുകാരണം അഹ്മദികൾ ഒരു പ്രത്യേക വികാരത്തോടും പ്ലാനോടുംകൂടി സൃഷ്ടി സേവനത്തിൽ മുഴുകിയതാണ്. ദൈവപ്രീതി കരഗതമാക്കാനുള്ള ഒരു വഴിയാണിതെന്ന് അവർ മനസ്സിലാക്കി. മാത്രമല്ല ദൈവത്തിന്റെ കൽപനകൂടി ആയതുകൊണ്ട് ആ കൽപനയെ അനുസരിക്കുന്നു എന്ന വികാരത്തോടുകൂടിയും അവർ പ്രവർത്തിച്ചുവരുന്നു.

**വ യുത്വ്ഇമൂന ത്ത്വആമ അലാഹുബ്ബിഹി മിസ്ക്കീനൻ വ്വയത്തീമൻ വ്വഅസീരാ**

'അവർക്ക് ഭക്ഷണത്തിന്റെ ആവശ്യം ഉണ്ടായിരിക്കെ അഗതികൾക്കും അനാഥർക്കും തടവുകാർക്കും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ ഭക്ഷണം നൽകുന്നു' എന്ന കൽപനയുടെ അടിസ്ഥാനത്തിലാണ് ഈ പ്രവർത്തനങ്ങൾക്ക് അവർ ഇറങ്ങിത്തിരിച്ചിരിക്കുന്നത്. അല്ലാഹുവിന്റെ ഈ കൽപനകൾ അനുസരിച്ചാൽ ദൈവപ്രീതി കരസ്ഥമാക്കാം എന്നവർക്കറിയാം.

ഇങ്ങനെയുള്ള വികാരത്തോടുകൂടി പ്രവർത്തിക്കുന്നവരെ ആർക്കാണ് നേരിടാൻ സാധിക്കുക. സൃഷ്ടി സേവനത്തിന് ലഭിക്കുന്ന ഓരോ കാശും പൂർണ്ണമായ രീതിയിൽ നാം അതിന്നായി തന്നെ ചെലവഴിക്കുന്നുണ്ട്. ഫണ്ട് പൂർണ്ണമായും ജനങ്ങളിൽ എത്തുന്നതിന്നായി ദൂരെ ദൂരെ സ്ഥലങ്ങളിൽ സേവനത്തിന്നായി പോകുന്ന വാളണ്ടിയർമാർ അവരുടെ യാത്രചെലവുകൾ പോലും സ്വയം വഹിക്കുന്നവരാണ്.

ഞാൻ ഘാനയിലായിരുന്നപ്പോഴുള്ള ഒരു സംഭവം പറയാം. അവിടെയുള്ള പട്ടിണി അകറ്റുന്നതിന്നായി ഒരു യൂറോപ്യൻ രാഷ്ട്രം ബൃഹത്തായ ഒരു പദ്ധതിയ്ക്ക് തുടക്കമിട്ടു. അവിടെ പ്രവർത്തിക്കാൻ യൂറോപ്പിൽനിന്നും കുറെ ആളുകൾ പോയിരുന്നു. പ്രവർത്തകർ ധാരാളമുണ്ടായിരുന്നു. പ്രവർത്തകർക്ക് താമസിക്കാൻ കാട്ടിൽ താത്കാലിക എയർ കണ്ടീഷൻ റൂമുകൾ ഉണ്ടാക്കി. അവരുടെ ഉപയോഗത്തിന്നായി ഇഷ്ടം പോലെ കാറുകളും മറ്റുവാഹനങ്ങളും ഉണ്ടായിരുന്നു. അവരിൽപെട്ട ഒരാളുമായി എനിക്ക് പരിചയപ്പെടാൻ സാധിച്ചു. ഞാൻ സംസാര മധ്യേ അദ്ദേഹത്തോട് ചോദിച്ചു, 'നിങ്ങളുടെ ഒരുക്കങ്ങൾ കണ്ടാൽ ഒരു വലിയ ഭൂപ്രദേശത്തു തന്നെ നിങ്ങളുടെ പ്രവർത്തനം പൂർത്തിയായി കഴിയേണ്ടതായിരുന്നു, എന്നാൽ ഇവിടെ ഒന്നും കാണുന്നില്ലല്ലോ? ഇതിനു കാരണമെന്താണ്.' അദ്ദേഹം എന്നോട് പറഞ്ഞത്, ആകെ ബജറ്റിന്റെ 85% തുകയും ഇവരുടെ ശമ്പളത്തിന്നായും മറ്റുതാമസയാത്രാസൗകര്യങ്ങൾക്കായുമാണ് വിനിയോഗിക്കപ്പെടുന്നത് എന്നാണ്. ഇത് കേട്ടപ്പോൾ ഞാൻ ചോദിച്ചു. 'അങ്ങ

നെയാണെങ്കിൽ ഈ നാട്ടുകാർക്ക് ഇതുകൊണ്ട് എന്ത് പ്രയോജനം? എല്ലാം തിരിച്ചും മറിച്ചും നിങ്ങളുടെ കീശയിലേക്ക് തന്നെയല്ലെ എത്തുന്നത്?' അപ്പോൾ അദ്ദേഹം പറഞ്ഞു. 'ഞങ്ങൾ അടുത്ത ബജറ്റ് പ്രതീക്ഷിച്ചിരിക്കുകയാണ്.' ഇനി ബജറ്റ് കൂട്ടിയാലുള്ള സ്ഥിതി, അതിന്റെ 85% തുകയും അവരുടെ പോക്കറ്റിലേക്ക് തന്നെയാണ് എത്തുന്നത്.

ഇതുകേട്ടപ്പോൾ എനിക്ക് ഖലീഫത്തുൽ മസീഹ് സാനി (റ) എഴുതിയ ഒരു സംഭവമാണ് ഓർമ്മ വന്നത്. അദ്ദേഹം ഇപ്രകാരം എഴുതുന്നു. ഒരാൾക്ക് ഒരു സുഹൃത്തുണ്ടായിരുന്നു. ഒരിക്കൽ ആ സുഹൃത്ത് വളരെ ദുഃഖിതനായി തലയും താഴ്ത്തി ഇരിക്കുകയായിരുന്നു. അയാൾ ചോദിച്ചു. നിങ്ങൾക്കെന്തുപറ്റി? അപ്പോൾ സുഹൃത്ത് പറഞ്ഞു. പരീക്ഷ വളരെ അടുത്തെത്തിയിരിക്കുന്നു. നാളെ പഠിക്കാം നാളെ പഠിക്കാം എന്ന് കരുതി അവസാനം ദിവസങ്ങൾ കടന്നുപോയി. എനിക്ക് പഠിക്കാൻ സാധിച്ചില്ല. അതിന് പ്രായശ്ചിത്തമായി ഞാൻ എനിക്കു തന്നെ ഒരു പിഴ വിധിച്ചു. അതു കാരണം ഞാൻ ദുഃഖിതനാണ്. 'സുഹൃത്ത് ചോദിച്ചു എന്താണ് നീ പിഴ ഇട്ടത്.' പറഞ്ഞു. 'രണ്ടണ.' (അക്കാലത്ത് രണ്ടണയ്ക്കും വലിയ മൂല്യമായിരുന്നു.) അപ്പോൾ സുഹൃത്ത് ചോദിച്ചു. 'ആ രണ്ടണ നീ എന്ത് ചെയ്തു.' വല്ല ദരിദ്രനും നൽകിയിരിക്കും അല്ലെ? പിന്നെ ദുഃഖിക്കാനെന്തിരിക്കുന്നു. അപ്പോൾ സുഹൃത്ത് പറഞ്ഞു. ആ രണ്ടണയ്ക്ക് ഞാൻ മിഠായി വാങ്ങി സ്വയം കഴിച്ചു. അതുകൊണ്ട് രണ്ടണ ചെലവായെങ്കിലും അത് മറ്റാർക്കും പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ലല്ലോ എന്നതാണ് എന്റെ ഇപ്പോഴത്തെ ദുഃഖം.

ഇവിടെ പിഴ ഈടാക്കിയെങ്കിലും മറ്റുള്ളവർക്ക് നൽകാത്തതിൽ ദുഃഖിക്കുകയെങ്കിലും ചെയ്തിട്ടുണ്ട്. എന്നാൽ വലിയ വലിയ സ്ഥാപനങ്ങൾ ദരിദ്രരുടെ പേരിൽ തിന്നുമുടിക്കുകമാത്രമല്ല, അതിൽ ദുഃഖം അശേഷവുമില്ല എന്നതാണ് വ്യസനകരം. സർക്കാർ തലത്തിൽ പൊതുവിലുള്ള അവസ്ഥ ഇതാണ്. ചില സംഘടനകൾ വ്യക്തിപരമായ രീതിയിൽ സ്തുത്യർഹമായ സേവനം ചെയ്യുന്നുണ്ട് എന്നത് ശരിതന്നെ.

വാഗ്ദത്ത മസീഹിന്റെ ആഗമനോദ്ദേശ്യത്തിൽ ഒന്ന് സൃഷ്ടിസേവനമാണെന്ന് നാം അറിഞ്ഞിരിക്കേണ്ടതാണ്. അതുകൊണ്ട് ബൈഅത്തിന്റെ പ്രതിജ്ഞ നിറവേറ്റാൻ ഈ ലക്ഷ്യ സാക്ഷാത്കാരത്തിന്നായി പ്രയത്നിക്കുക എന്നത് നമ്മുടെ കടമയാണ്, ബൈഅത്തിന്റെ നിബന്ധനകളിൽ ഒമ്പതാമത്തേത്, പൊതുജനസേവനത്തിന്നായി അല്ലാഹുവിന്റെ പ്രീതി മാത്രം ലക്ഷ്യം വെച്ചുകൊണ്ട് പ്രവർത്തിക്കുന്നതും കഴിവനുസരിച്ച് അല്ലാഹു നൽകിയ അനുഗ്രഹങ്ങളും കഴിവുകളും കൊണ്ട് മാനവരാശിയെ സേവിക്കുന്നതുമാണ് എന്നതുമാണ്.

വാഗ്ദത്ത മസീഹ് (അ) മറ്റൊരു സ്ഥലത്ത് പറയുന്നു. 'മനുഷ്യരാശിയോട് കാരുണ്യം കാണിക്കലും അവരോട് അനുകമ്പാ ഭാവം പ്രകടിപ്പിക്കലും വലിയ ഒരാരാധനയാണ്. ഇത് ദൈവപ്രീതി കരഗതമാക്കാനുള്ള ഒരുജ്ജ്വല മാർഗവുമാണ്.'

ചുരുക്കത്തിൽ മറ്റുള്ളവർക്ക് ഗുണപ്രദമായ വ്യക്തികളായി നാം മാറുമ്പോഴാണ് നമുക്ക് അല്ലാഹുവിന്റെ പ്രീതി കരഗതമാകുക. സൃഷ്ടിസേവനത്തെ ലാഘവത്തോടെ കാണരുത്. ആരെയെങ്കിലും സഹായിക്കുമ്പോൾ അതിൽ അലംഭാവമോ പ്രകടനാത്മകതയോ ഉണ്ടാവരുത്. ദരിദ്രരെയും രോഗികളെയും നിരാശ്രയരേയും സഹായിക്കാൻ അല്ലാഹു നമുക്ക് അനുഗ്രഹം നൽകിയിരിക്കുകയാണെന്ന വികാരത്തോടെ സേവനം ചെയ്യുക. ചിലരെയെങ്കിലും സഹായിക്കാൻ അല്ലാഹു നമുക്ക് കഴിവ് നൽകി എന്നോർത്ത് കൃതജ്ഞതയുള്ളവരായിത്തീരുക.

സൃഷ്ടിസേവനരംഗത്ത് ഖലീഫമാർ മുമ്പോട്ട് വെച്ച ചില പദ്ധതികളെ ഞാൻ ഓർമപ്പെടുത്തുകയാണ്. അതിൽ ഒന്ന് യതീം ഫണ്ടാണ്. ശതക്കണക്കിന് അനാഥരാണ് ഇതിലൂടെ സംരക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. യത്തീമുകളുടെ വസ്ത്രം, ഭക്ഷണം, വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്കായി ഈ ഫണ്ട് വിനിയോഗിക്കപ്പെടുന്നു. ആയിരക്കണക്കിന് യതീമുകൾ ഇതിൽ നിന്നും ഫലമെടുത്ത് കഴിഞ്ഞിട്ടുണ്ട്. യതീം സംരക്ഷണത്തെക്കുറിച്ച് വിശുദ്ധഖുർആനിൽ അല്ലാഹു പലസ്ഥലങ്ങളിലായി താക്കീത് ചെയ്തത് കാണാം. അതിനാൽ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ഉണ്ടായിരിക്കണം.

മറ്റൊരു വകുപ്പ് രോഗികൾക്കുള്ള സഹായ

നിധിയാണ്. പാക്കിസ്ഥാനിൽ ആശുപത്രിയിൽ വരുന്ന ദരിദ്രരായ ആളുകളെ ചികിത്സിക്കുന്നതിനും അവരെ പരിപാലിക്കുന്നതിനും ഒരു സംവിധാനത്തോടുകൂടി ഈ വകുപ്പിൽ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഖാദിയാനിലും റബ്വയിലുമാണ് വളരെ ചിട്ടയോടുകൂടി ഇതിന്റെ പ്രവർത്തനങ്ങൾ ഉള്ളത്. മരുന്നും ചികിത്സാചെലവും ക്രമാതീതമായി വർദ്ധിച്ചതുകാരണം (പാവപ്പെട്ടവർ) ചികിത്സ പോലും ചെയ്യാൻ കഴിയാതെ മാറി നിൽക്കുന്ന ഒരവസ്ഥയണിന്നുള്ളത്. അങ്ങനെയുള്ളവരെ സഹായിക്കാൻ നമുക്ക് ആഗ്രഹമുണ്ടായിട്ടുകൂടി ഫണ്ട് വേണ്ടത്ര ഇല്ലാത്തതുകാരണം നമുക്ക് സഹായിക്കാൻ കഴിയാറില്ല. അതുകൊണ്ട് സാമ്പത്തിക ശേഷിയുള്ള നമ്മുടെ സഹോദരന്മാർ ഈ വകുപ്പിലും ശ്രദ്ധിക്കണം. അവരുടെ ബന്ധുമിത്രങ്ങളോ സുഹൃത്തുക്കളോ രോഗത്തിൽ നിന്നും രക്ഷപ്പെട്ടുകഴിഞ്ഞാൽ അതിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ഈ ഫണ്ടിലേക്ക് ചന്ദഃ നൽകാവുന്നതാണ്. ഇതുമൂലം കഷ്ടത അനുഭവിക്കുന്ന പലരോഗികളെയും നമുക്ക് സഹായിക്കാൻ കഴിയും. പ്രസവത്തിന്റെ കാലം വളരെ ദുരിതപൂർണ്ണമായ കാലമാണ്. പ്രസവം നടന്നുകഴിഞ്ഞാൽ മധുരപലഹാര വിതരണത്തിൽ മാത്രം ഒതുങ്ങാതെ പാവപ്പെട്ട രോഗികൾക്കായി ഈ അവസരത്തിൽ ചന്ദഃ നൽകുകയാണെങ്കിൽ അതും വളരെ ഫലപ്രദമായിരിക്കും.

മറ്റൊരു വകുപ്പ് വിദ്യാഭ്യാസഫണ്ടാണ്. ഈ ഫണ്ടും നേരത്തെ ഉള്ളതാണ്. ദരിദ്രനാടുകളിൽ പോലും ഇപ്പോൾ വിദ്യാഭ്യാസത്തിന് വൻ തുക ചെലവിടേണ്ടിവരുന്നുണ്ട്. കൂടുതൽ കുട്ടികളുള്ള ഇടത്തരക്കാർക്ക് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക ബാധ്യത വഹിക്കാൻ കഴിയുന്നതിലും അപ്പുറം തന്നെ. അതുകൊണ്ട് സമ്പന്നരായ സഹോദരന്മാരും, അവരുടെ കുട്ടികൾ പരീക്ഷകളിൽ വിജയിക്കുമ്പോൾ കുട്ടികളും നന്ദി പ്രകടനം എന്ന നിലയിൽ ഈ ഫണ്ടിലേക്ക് ചന്ദഃ നൽകുകയാണെങ്കിൽ എത്രയോ സാധു കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഈ ഫണ്ട് വിനിയോഗിക്കാൻ സാധിക്കുന്നതാണ്. ഇവിടെയുള്ള കുട്ടികൾ പരീക്ഷ പാസ്സായാൽ പത്ത് പതിനഞ്ച് പൗണ്ട് – അത് അവർ മിഠായി വാങ്ങാൻ ഉപയോഗിക്കുന്ന നിസ്സാര സംഖ്യയാണ് – വിദ്യാഭ്യാസ ഫണ്ടിലേക്ക് നൽകുകയാണെങ്കിൽ ഈ തുക ദരിദ്രനാട്ടിലെ ഒരു കുട്ടിയുടെ ഒരു വർഷത്തെ വിദ്യാഭ്യാസ ചെലവിനായി വിനിയോഗിക്കാൻ സാധിക്കും. ഇത് നൽകുമ്പോൾ അവർക്ക് സന്തോഷം ഉണ്ടാകും എന്ന് മാത്രമല്ല, ദരിദ്രരുടെ ആവശ്യങ്ങൾ നിറവേറ്റാൻ നാമും വല്ലതും ചെയ്യണം എന്ന ചിന്ത കുട്ടികളിൽ വളർത്തിയെടുക്കാനും നമുക്ക് സാധിക്കും.

മറിയം ശാദീ ഫണ്ട് എന്ന ഒരു പദ്ധതിയും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) തുടങ്ങിവെച്ചിരുന്നു. വിദേശനാടുകളിലുള്ളവർ ഇതിൽ പങ്കാളികളായാൽ എത്രയോ ദരിദ്ര പെൺകുട്ടികളുടെ വിവാഹം ചെയ്തുകൊടുക്കാൻ സാധിക്കും. തുടക്കത്തിൽ പലനാടുകളിൽ നിന്നും ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)ന് ഈ ഫണ്ടിലേക്ക് വാഗ്ദാനങ്ങൾ സമർപ്പിച്ചിരുന്നു. എന്നാൽ അതെല്ലാം ഒരു പ്രാവശ്യം മാത്രം നൽകി പിന്നീട് നിർത്തിക്കളഞ്ഞിരിക്കുന്നു. ആ ഫണ്ടിൽ പണമില്ലെങ്കിൽ തന്നെയും പൂർണ്ണമായ രീതിയിൽ അല്ലെങ്കിൽ കൂടി ജമാഅത്ത് സഹായധനം നൽകി വരുന്നുണ്ട്. അതുകൊണ്ട് സമ്പന്നരായ സഹോദരന്മാർ അവരുടെ മക്കളുടെ വിവാഹാവസരത്തിൽ ഈ ഫണ്ടിലേക്ക് ചന്ദഃ നൽകുക. ഇതുമൂലം അല്ലാഹു തന്റെ വാഗ്ദാനപ്രകാരം അവരുടെ സമ്പത്തിൽ വർദ്ധനവുണ്ടാക്കും എന്ന് മാത്രമല്ല ദരിദ്രരായ കുട്ടികളുടെ ഉള്ളുരുകിയ പ്രാർത്ഥന അവരുടെ മക്കളുടെ വീട്ടിൽ ഐശ്വര്യം ഇറങ്ങുന്നതിന് കാരണമായിത്തീരുന്നതുമാണ്. പലരും ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നവരാണ്. തന്റെ വീട്ടിൽ വിവാഹം നടക്കുമ്പോൾ ദരിദ്രരായ പത്ത് പെൺകുട്ടികളുടെ വിവാഹത്തിന്റെ ചെലവ് അവർ വഹിക്കുന്നു.

എന്നാൽ ധൂർത്തടിച്ച് ചെലവഴിക്കുന്ന ചിലരുമുണ്ട്. ഒന്നും രണ്ടും ലക്ഷത്തിന്റെ ഓരോ ജോഡി വസ്ത്രങ്ങളാണ് അവർ വാങ്ങിക്കൂട്ടുന്നത്. ഇക്കൂട്ടർ വസ്ത്രത്തിന് ചെലവാക്കുന്ന തുക കിട്ടിയാൽ അഞ്ച് ദരിദ്രകുട്ടികളുടെ വിവാഹത്തിന്നാവശ്യമായ വസ്ത്രങ്ങൾ വാങ്ങാൻ കഴിയുന്നതാണ്. അല്ലാഹു ഇങ്ങനെയുള്ളവർക്ക് ഇത്രയും വിലപിടിച്ച വസ്ത്രങ്ങൾ വാങ്ങിക്കൂട്ടാനുള്ള കഴിവ് നൽകിയിട്ടുണ്ടെന്ന് അവർ കരുതുന്നുണ്ടെങ്കിൽ ഒരു കൂട്ടം വസ്ത്രത്തിന്റെ തുകയെങ്കിലും പാവപ്പെട്ടവരുടെ വിവാഹത്തിന്നായി

അവർ മാറ്റിവെക്കേണ്ടതാണ്. ഇതുമുഖേന അവർക്കും പാവപ്പെട്ടവരുടെ സന്തോഷത്തിൽ ഭാഗഭാക്കാകാൻ സാധിക്കുന്നതാണ്. പാവങ്ങളുടെ പ്രാർത്ഥനയ്ക്ക് ഇവർ അർഹരായിത്തീരുന്നതുമാണ്. വിലപിടിപ്പുള്ള വസ്ത്രങ്ങൾ ഒന്നോ രണ്ടോ പ്രാവശ്യം മാത്രമെ ധരിക്കാൻ പറ്റുകയുള്ളു. പിന്നെ അത് ഒന്നിലും പറ്റില്ല. എന്നാൽ ദരിദ്രരുടെ പ്രാർത്ഥന എന്നെന്നും നമ്മോടൊപ്പം ഉണ്ടായിരിക്കും.

ബുയൂത്തുൽ ഹംദ് സ്കീമാണ് മറ്റൊരു പദ്ധതി. ഇതും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) തുടങ്ങിവെച്ചതാണ്. ഈ പദ്ധതിയുടെ തുടക്കം റബ്വയിൽ പാവങ്ങൾക്കായി നൂറ് വീടുകൾ നിർമ്മിക്കുക എന്നതായിരുന്നു. എന്നാൽ അത് വിജയകരമായി പൂർത്തിയായി എന്ന് മാത്രമല്ല പലരുടെയും വീടുകൾ വികസിപ്പിക്കാനും പുതിയ റൂമുകൾ നിർമ്മിക്കാനും ഇതിലൂടെ സാധിച്ചിട്ടുണ്ട്. ഈ സ്കീമിന്റെ കീഴിൽ ഖാദിയാനിൽ വീടുകൾ നിർമ്മിച്ചിട്ടുണ്ട്. പാക്കിസ്ഥാനിലും മറ്റുനാടുകളിലും വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഇതും വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പദ്ധതിതന്നെയാണ്. ചിലർ വീട് നിർമിക്കുമ്പോൾ ഇതിലേക്ക് ചന്ദഃ നൽകിയിട്ടുണ്ട്. ബുയൂത്തുൽ ഹംദിന്റെ ഒരു വീട് തന്നെ പൂർണ്ണമായും നിർമ്മിച്ച് നൽകിയവരുമുണ്ട്. അതുകൊണ്ട് ലോകത്തുള്ള അഹ്മദികൾ വീട് വാങ്ങുകയോ പുതുതായി നിർമ്മിക്കുകയോ ചെയ്യുന്ന അവസരത്തിൽ കുറച്ച് ചന്ദ ഈ ഫണ്ടിലേക്കും നൽകുകയാണെങ്കിൽ എത്രയോ പാവപ്പെട്ടവരുടെ ആവശ്യം നമുക്ക് പരിഹരിക്കാൻ സാധിക്കുന്നതാണ്.

ജമാഅത്തിൽ നിലവിലുള്ള ചില പദ്ധതികളെക്കുറിച്ചാണ് ഞാൻ ഇപ്പോൾ ഓർമ്മപ്പെടുത്തിയത്. നാം ഒന്നായി, പരസ്പരം വേദനകൾ അറിഞ്ഞ് പരസ്പരം സഹകരിച്ചുകൊണ്ട് ജീവിക്കുമ്പോഴാണ് നമുക്ക് യഥാർത്ഥ പെരുന്നാൾ ആഘോഷിക്കാൻ കഴിയുക. മാത്രമല്ല വിശ്വാസികൾ ഒരു ശരീരം പോലെയാണ് എന്ന തിരുനബി (സ) വചനത്തിന്റെ അടിസ്ഥാനത്തിൽ നാം യഥാർത്ഥ വിശ്വാസികളായിത്തീരുകയും ചെയ്യുക. ശരീരത്തിന്റെ ഒരു ഭാഗത്ത് വേദനയുണ്ടെങ്കിലും ശരീരം ഒന്നടങ്കം അസ്വസ്ഥമാകുന്നതുപോലെ നമുക്കും മറ്റുള്ളവരുടെ വേദന അസ്വസ്ഥതയുണ്ടാക്കണം. മറ്റുള്ളവർക്ക് സന്തോഷത്തിനുള്ള അവസരം ഒരുക്കുമ്പോഴാണ് നമുക്ക് സന്തോഷത്തിന്റെ പെരുന്നാൾ കൊണ്ടാടാൻ കഴിയുക. അല്ലാഹു അതിനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ. (ആമീൻ)

ദരിദ്രരും അശ്രിതരും അഗതികളും രോഗികളുമായ സഹോദരങ്ങളെ ദുആയിൽ ഓർക്കുക. മാനവരാശിയെ സേവിക്കുന്നവർക്ക്വേണ്ടിയും മതസേവകർക്കുവേണ്ടിയും പ്രാർത്ഥിക്കുക. ജീവിതം വഖ്ഫ് ചെയ്തവരെയും ശുഹദാക്കളുടെ കുടുംബത്തെയും ഓർക്കുക. അല്ലാഹു അവരെ സംരക്ഷിക്കട്ടെ. അവർക്ക് എപ്പോഴും ക്ഷമ കൈകൊള്ളാനുള്ള ഭാഗ്യം നൽകുകയും അവർക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യുകയും ചെയ്യുമാറാകട്ടെ. ഞങ്ങൾ യത്തീമാണെന്നോ ഞങ്ങൾക്കാരുമില്ലെന്നോ ഉള്ള തോന്നൽ പോലും അവർക്ക് ഒരിക്കലും ഇല്ലാതിരിക്കട്ടെ. ഇപ്പോഴും പലരും ദീനിന് വേണ്ടി തടവുകളിൽ കഴിയുന്നവരുണ്ട്. അവർക്ക് വേണ്ടിയും പ്രാർത്ഥിക്കുക. അല്ലാഹു അവരുടെ മോചനത്തിനുള്ള മാർഗം വേഗം തുറക്കുമാറാകട്ടെ. മുസ്ലിം ഉമ്മത്തിനുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുക. അവരിപ്പോൾ ദജ്ജാലിന്റെ കിരാതഹസ്തങ്ങളിൽ കുടുങ്ങിയിരിക്കുകയാണ്. തങ്ങൾ എവിടേക്കാണ് പോകുന്നത് എന്നവർ അറിയുന്നില്ല. വാഗ്ദത്ത മസീഹ് (അ) നെ വിശ്വസിക്കുവാനുള്ള ബുദ്ധി അല്ലാഹു അവർക്ക് നൽകുമാറാകട്ടെ. യഥാർത്ഥ പെരുന്നാൾ ആഘോഷിക്കാൻ അവർക്ക് സാധിക്കുമാറാകട്ടെ.

ഞാൻ ലോകത്തുള്ള എല്ലാ അഹ്മദികൾക്കും നിങ്ങൾക്കും ഈദ് മുബാറക്ക് നേരുന്നു. അല്ലാഹു ഈ പെരുന്നാൾ സർവ്വവിധ സന്തോഷങ്ങളും നൽകുന്ന പെരുന്നാളാക്കി മാറ്റട്ടെ. പരസ്പരം സ്നേഹത്തിലും സൗഹാർദ്ദത്തിലും സാഹോദര്യത്തിലും നിലനിൽക്കാൻ നമുക്ക് കഴിയുമാറാകട്ടെ. ആമീൻ.

**വിവർത്തനം** : എം. നാസിർ അഹ്മദ്, കൊടിയത്തൂർ
**PHONE : 94461 51197**

**EID KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 13 - 10 - 2007 at Baithul Futuh London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**